# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *316. 14.03.2018 ൽ മറുപടിക്ക്

## ഐ.ടി.നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, റ്റി.വി.രാജേഷ്<br>,, വി. ജോയി<br>,, ആർ. രാജേഷ് : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിവര വിനിമയ സാങ്കേതികവിദ്യയുടെ വളർച്ച കൊണ്ടുണ്ടാകുന്ന നേട്ടം സംസ്ഥാനത്ത് എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; | (എ) വിവര വിനിമയ സാങ്കേതികവിദ്യയുടെ വളർച്ച കൊണ്ടുണ്ടാകുന്ന നേട്ടം സംസ്ഥാനത്ത് എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചു കൊണ്ട് പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കേരള ഫൈബർ ഒപ്റ്റിക് നെറ്റ്.വർക്ക് (കെ-ഫോൺ).<br><br>ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ് വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.<br><br>പബ്ലിക് വൈ - ഫൈ.<br><br>ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ |

കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പൊതുജനങ്ങൾക്ക് ദിവസവും 300 MB സൗജന്യ ഡേറ്റ വൈ-ഫൈ വഴി ഉപയോഗിക്കാം. 300 MB-യ്ക്ക് മുകളിലും സർക്കാർ സേവനങ്ങൾ സൗജന്യമായി തന്നെ ഉപയോഗിക്കാവുന്നതാണ്.

എം. -കേരളം

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് എം.കേരളം മൊബൈൽ ആപ്പ്. സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് കൂടാതെ വെള്ളക്കരം, വൈദ്യുതി ബില്ല്, സർവ്വകലാശാല ഫീസ് മുതലായ പണമിടപാടുകളെല്ലാം ഓൺലൈനായി നടത്താം. നിലവിൽ നൂറോളം സർക്കാർ സർക്കാരിതര സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012 ൽ ആരംഭിച്ച പദ്ധതിയിൽ 58 വിവിധ സർക്കാർ സേവനങ്ങളാണ് തുടക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും 39 സേവനങ്ങൾ ഇപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിലെ സർക്കാർ പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഡിജിറ്റൽ എംപവർമെൻറ് കാംപയിൻ

ഡിജിറ്റൽ വിപ്ലവം ജനങ്ങൾക്ക് അനുഗുണമായ രീതിയിൽ രൂപപ്പെടുത്തുകയും സമൂഹത്തെയാകെ ഡിജിറ്റൽവൽക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഡിജിറ്റൽ ശാക്തീകരണ പ്രചരണം സംഘടിപ്പിക്കുന്നത്.

അക്ഷയ, ലൈബ്രറി കൗൺസിൽ, സ്റ്റുഡൻറ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എൻ.സി.സി, കുടുംബശ്രീ മുതലായവരുടെ സഹകരണത്തോടെ സാമ്പത്തിക സാക്ഷരതയടക്കം ഡിജിറ്റൽ അനുബന്ധ മേഖലകളിലെല്ലാം ജനങ്ങളെയും വ്യാപാരികളെയും അറിവും പ്രാവീണ്യവുമുള്ളവരാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

<u>യുവസംരംഭകത്വ വികസന പദ്ധതി</u>

സ്കൂൾതലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താല്പര്യം ജനിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതി മുതൽ മികച്ച സാങ്കേതിക ആശയവുമായി സമീപിക്കുന്ന സംരംഭകന് മികച്ച കമ്പനിയായി വികസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നത് വരെയുള്ള ഘടകങ്ങൾ അടങ്ങിയതാണ് യുവസംരംഭകത്വ വികസന പദ്ധതി

<u>ടെക് നോളജി ഇന്നവേഷൻ സോൺ</u>

എറണാകുളം കളമശേരിയിൽ 13.2 ഏക്കറിൽ പൂർണ്ണതോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക് നോളജിയുടെ മേൽനോട്ടത്തിലുള്ള ബയോടെക്നോളജി ഇങ്കുബേറ്റർ, IIITM-K യുടെ മേൽനോട്ടത്തിലുള്ള ഇലക്ട്രോണിക്സ് ഇങ്കുബേറ്റർ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ് എന്നിവ നിലവിൽ പ്രസ്തുത സോണിൽ പ്രവർത്തിച്ചുവരുന്നു

| | |
|---|---|
| (ബി) കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി കരാർ പ്രകാരമുള്ള സമയരേഖയനുസരിച്ച് പുരോഗമിക്കുന്നുണ്ടോ എന്ന് അവലോകനം നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ; | (ബി) ഉണ്ട്. സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത് കേരള സർക്കാരും, ടീക്കോം ദുബായിയും ഒപ്പുവച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡവലപ്പ്മെന്റ് പ്ലാൻ പ്രകാരമാണ്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസ്സിങ് തീയതി |

നിശ്ചയിച്ചശേഷം പത്തു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡ് 21 ഫെബ്രുവരി 2018 ൽ യോഗം ചേരുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും, പുരോഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 20-ൽ പരം ഐ.ടി. കമ്പനികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 55 ലക്ഷം ചതുരശ്രയടി വിസ്താരമുള്ള ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം, ഘട്ടംഘട്ടമായി 2021 ഓടുകൂടി പൂർത്തികരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) കേരളത്തെ ഹാർഡ് വെയർ ഉല്പാദന കേന്ദ്രമാക്കാൻ ഉള്ള സാധ്യതയ്ക്ക് വഴിതെളിക്കാൻ സർക്കാർ നടത്തിവരുന്ന ഇടപെടൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്തെ വിവിധ ഏജൻസികൾ നടത്തി വരുന്ന ഇലക്ട്രോണിക്സും ഹാർഡ് വെയറും സംബന്ധിച്ച മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു കുടക്കീഴിൽ നടത്തണമെന്ന ഉദ്ദേശത്തോടുകൂടി കേരള സർക്കാർ ഹാർഡ് വെയർ മിഷൻ സ്ഥാപിക്കുകയുണ്ടായി. ഹാർഡ് വെയർ മിഷൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്. |

- ഇന്റലും, യു.എസ്.ടി ഗ്ലോബലുമായി ചേർന്ന് കേരള സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് കേരളത്തിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുക.
- വൈദ്യുതി വാഹനങ്ങളുടെ നിർമ്മാണവും പ്രവർത്തിപ്പിക്കലും സംബന്ധിച്ച് നയങ്ങൾ ഉണ്ടാക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും മുൻകൈ എടുക്കുക.

- കേരളത്തിൽ പ്രവർത്തനം ആരംഭിക്കാൻ /വിപുലീകരിക്കാൻ ആഗ്രഹിക്കുന്ന കമ്പനികൾക്ക് വേണ്ട സഹായം ലഭ്യമാക്കുക.
- ഐ.ടി.ആർ.ഐ തായ് വാനുമായി ചേർന്ന് എക്കോട്ടി തുടങ്ങിയ ജലശുദ്ധീകരണ സാങ്കേതിക വിദ്യകളിൽ പ്രാരംഭ പദ്ധതികൾ ആരംഭിക്കുക.
- അന്താരാഷ്ട്ര ഏജൻസികളുമായി ചേർന്ന് നവ സാങ്കേതിക വിദ്യകളിൽ പ്രാരംഭ ഗവേഷണ പദ്ധതികൾ നടത്തുക.

സെക്ഷൻ ഓഫീസർ